# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4194 03.02.2014-ൽ മറുപടിക്ക്**

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ആകെ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ കരാർ നൽകിയിരുന്നത്; പ്രസ്തുത പൈപ്പ് ലൈൻ ഏതൊക്കെ ഗ്രാമ പഞ്ചായത്ത് / നഗരസഭാ പ്രദേശങ്ങളിൽ എത്ര ദൂരം വീതമാണെന്ന് വ്യക്തമാക്കുമോ ; | എ | ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കരാറുകൾ നൽകിയതിന്റെ വിവരങ്ങൾഅനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി | പ്രസ്തുത പൈപ്പ് ലൈൻ ഏതൊക്കെ ഗ്രാമപഞ്ചായത്ത് / നഗരസഭാ പ്രദേശങ്ങളിൽ എത്ര കിലോമറ്ററീ ദൂരം വീതം സ്ഥാപിച്ച് കഴിഞ്ഞുവെന്നും, ഏതൊക്കെ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ ശേഷിക്കുന്നുവെന്നും ആയത് എത്ര ദൂരം വരുമെന്നും അറിയിക്കുമോ ; | ബി | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| സി | ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിച്ച് കഴിഞ്ഞ ഗ്രാമ പഞ്ചായത്ത് / നഗര സഭാ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകുംവിധം എത്ര കിലോ മീറ്റർ ദൈർഘ്യത്തിൽ ലൈൻ ചാർജ്ജു ചെയ്തുവെന്നും, അതിൽ നിന്നും എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്നും തദ്ദേശസ്വയം ഭരണ പ്രദേശ അടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കുമോ ; | സി | ജപ്പാൻ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഡിസ്ട്രിബ്യൂഷൻ ലൈൻ ചാർജ്ജ് ചെയ്തതിന്റേയും കണക്ഷനുകൾ നൽകിയതിന്റെയും വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി | ഒരാൾക്ക് പോലും കണക്ഷൻ ലഭ്യമാക്കാത്ത എത്ര ഗ്രാമപഞ്ചായത്ത് / നഗര സഭാ പ്രദേശങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ; | ഡി | ജപ്പാൻ കുടിവെള്ള പദ്ധതിയിൽ കണക്ഷൻ ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്ത് / നഗര സഭാ പ്രദേശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>കോഴിക്കോട് പദ്ധതി<br><br>ഈ പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കണക്ഷൻ നൽകി തുടങ്ങിയിട്ടില്ല.<br><br>കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി<br><br>പാപ്പിനിശ്ശേരി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ആർക്കും കണ ക്ഷൻ നൽകിയിട്ടില്ല. |
| ഇ | വാട്ടർകണക്ഷനു വേണ്ടി അപേക്ഷ നൽകിയിരുന്നവർ ആകെ എത്ര പേരാണ്; ഇതിൽ എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്; | ഇ | ഇത് സംബന്ധിച്ച മറുപടി ചുവടെ ചേർക്കുന്നു. |

| ന ം | ജില്ല | പദ്ധതിയുടെ പേര് | വാട്ടർ കണക്ഷനുവേണ്ടി അപേക്ഷ വാങ്ങിയവരുടെ എണ്ണം | കണക്ഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | വിവരം ശേഖരിച്ചു വരുന്നു | |
| 2 | കൊല്ലം | മീനാട് | 7290 | 2130 |
| 3 | ആലപ്പുഴ | ചേർത്തല | 4317 | 2571 |
| 4 | കണ്ണൂർ | പട്ടുവം | 4316 | 2239 |
| 5 | കോഴിക്കോട് | കോഴിക്കോട് | 14127 | പദ്ധതി പൂർത്തീകരിക്കാത്തതിനാൽ കണക്ഷൻ നൽകിയിട്ടില്ല |

തിരുവനന്തപുരം പദ്ധതി ഒഴികെ വാട്ടർ കണക്ഷനു വേണ്ടി30050 പേർ അപേക്ഷ നൽകിയിരുന്നു. ഇതിൽ 6940 പേർക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

എഫ് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

എഫ് ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു

| നം | ജില്ല | പദ്ധതിയുടെ പേര് | ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ആകെ ദൈർഘ്യം | ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിച്ച ദൈർഘ്യം | പുരോഗതി |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 387 | 275 | 71% |
| 2 | കൊല്ലം | മീനാട് | 963.26 | 779.31 | 81% |
| 3 | ആലപ്പുഴ | ചേർത്തല | 675.05 | 661.9 | 98 % |
| 4 | കോഴിക്കോട് | കോഴിക്കോട് | 1865.6 | 1160.56 | 62 % |
| 5 | കണ്ണൂർ | പട്ടുവം | 623 | 549 | 88 % |

ജി നിലവിൽ പ്രസ്തുത ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ജോലികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ ;

ജി ഉണ്ട്. തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്ന പണികൾക്ക് ആദ്യം നൽകിയിരുന്ന കരാറുകൾ അവസാനിപ്പിച്ച്, വീണ്ടും ടെണ്ടർ ചെയ്ത് കരാറുകൾ ഏർപ്പെടുത്തേണ്ടി വന്നു. അതുമൂലമാണ് പ്രധാനമായും കാലതാമസം നേരിട്ടത്. ഇപ്പോൾ എല്ലാ കരാറുകാരും പ്രവൃത്തികൾ തുടരുന്നുണ്ട്. എന്നാൽ, പ്രത്യേകിച്ച് തിരുവനന്തപുരം മീനാട് പദ്ധതികളിലെ പണികൾ, കരാറുകാർ മന്ദഗതിയിലാണ് ചെയ്യുന്നത്.

എച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണ്; കാലതാമസം ഒഴിവാക്കി പ്രവർത്തനം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

എച്ച് ചേർത്തല പദ്ധതിയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ പുതുക്കിയ ഷെഡ്യൂൾപ്രകാരം 01.06.2012 ൽ പൂർത്തിയാക്കി. തിരുവനന്തപുരം ഡിസ്ട്രിബ്യൂഷൻ പൈപ്പിടുന്ന പണികൾ 2014 ഏപ്രിലിലും പട്ടുവം, മീനാട്, പദ്ധതികളിലെ പൈപ്പ് ലൈൻ പണികൾ 2013 ജൂണിലും കോഴിക്കോട് പൈപ്പ് ലൈൻ പണികൾ 2013 നവംബറിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പട്ടുവം പദ്ധതിയുടെ പൈപ്പ് ലൈനുകൾ 2014 ഏപ്രിലോടുകൂടിയും തിരുവനന്തപുരം മീനാട് കോഴിക്കോട് എന്നീ പദ്ധതികളിലെ പൈപ്പ് ലൈനുകൾ 2014 ഡിസംബറോടു കൂടിയും പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കാലതാമസം ഒഴിവാക്കി പ്രവർത്തനം പൂർത്തീകരിക്കുവാൻ താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വകുപ്പു മന്ത്രി തലവനായിട്ടുള്ള കോ ഓർഡി നേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജിക്ക പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് പദ്ധതിയുടെ പുരോഗതി 11.12.2013 ൽ സർക്കാർ തലത്തിൽ വിലയിലുത്തുകയും പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**